ॐ

**ശ്രീമദ്ഭാഗവതം നിത്യപാരായണം 176–ാം ദിവസം**

ഉപര്യധശ്ചാത്മനി ഗോത്രനേത്രയോ: പരേണ തേ പ്രാവിശതാ സമേധിതാ:
മമന്ഥുരബ്ധിം തരസാ മദോത്കടാ മഹാദ്രിണാ ക്ഷോഭിതനക്രചക്രം **(8–7–13)**
തപ്യന്തേ ലോകതാപേന സാധവ: പ്രായശോ ജനാ:
പരമാരാധനം തദ്ധി പുരുഷസ്യാഖിലാത്മന: **(8–7–44)**

*ശുകമുനി തുടർന്നു:*
ദേവന്മാരും അസുരന്മാരും സർപ്പരാജാവായ വാസുകിയുടെ സഹായം തേടി. പ്രയത്നഫലത്തിൻെറ ഒരു പങ്ക് അദ്ദേഹത്തിന് വാഗ്ദാനവും നൽകി. മന്ദരപർവ്വതത്തിനു ചുറ്റും വാസുകിയെ ചുറ്റി അവർ കടൽ കടയാനാരംഭിച്ചു. നയോപായകോവിദനായ ഭഗവാൻ ദേവന്മാരോടൊപ്പം പാമ്പിൻെറ തലഭാഗത്തു പിടിച്ചു. അസുരന്മാർക്ക് കിട്ടിയ വാലറ്റം അവർക്ക് കുറച്ചിലായി തോന്നി. അവരതിനെ എതിർത്തപ്പോൾ ദേവന്മാർ സ്ഥാനം മാറാൻ സമ്മതിച്ചു. അങ്ങിനെ ദേവന്മാർ, തുലോം അപകടം കുറഞ്ഞ വാലറ്റം പിടിച്ച് പ്രയത്നം തുടർന്നു. പർവ്വതം അതിൻെറ സ്വഭാരംകൊണ്ട് പാൽക്കടലിൽ താണുകൊണ്ടിരുന്നു. എന്നാൽ ഭഗവാൻ ഒരാമയായിവന്ന് പർവ്വതത്തെ തൻെറ പുറത്ത് താങ്ങി നിർത്തി. രാക്ഷസന്മാർക്ക് ഊർജ്ജമേറിയതും (തമസീകവും രാജസവും) ദേവന്മാർക്ക് ശക്തി നൽകിയതും (സാത്വീകോർജ്ജം) അതേ ഭഗവാൻ തന്നെ. വാസുകിക്ക് പർവ്വതത്തെ ചുറ്റി നിൽക്കാനുള്ള കഴിവുനൽകിയതും മറ്റാരുമല്ല. ഭഗവാൻ സ്വയം പർവ്വതത്തിനു മുകളിലിരുന്ന് അതിനെ താഴ്ത്തിപ്പിടിച്ചിരുന്നു. അങ്ങിനെ എല്ലാവരിലും ആവേശവും നവോൻമേഷവും ശക്തിയും ഭഗവൽകൃപയാൽ ഉണ്ടായിരുന്നതുകൊണ്ട് പാൽക്കടൽ കടയുന്ന പ്രവൃത്തി തുടർന്നു കൊണ്ടിരുന്നു. ഏറെ നേരം കഴിഞ്ഞിട്ടും അമൃതുണ്ടാവാത്തതുകൊണ്ട് ഭഗവാൻ സ്വയം കടൽ കടയാൻ സഹായിച്ചു.

ഉടനേതന്നെ അതികഠിനമായ ഒരു വിഷം -ഹലാഹലം- പുറത്തുവന്നു. അതിൻെറ രൂക്ഷതയിൽ പീഢിക്കപ്പെട്ട ജീവികളെല്ലാം ഭഗവാൻ സദാശിവനെ കണ്ട് സങ്കടമുണർത്തിച്ചു: ഭഗവാനേ, അഭയം നൽകിയാലും. മൂന്നു ലോകങ്ങളേയും ചാമ്പലാക്കാൻ കഴിവുള്ള ഈ വിഷത്തിൽനിന്ന് ഞങ്ങളെ രക്ഷിച്ചാലും. അവിടുന്നാണ് വിശ്വപുരുഷൻ. അവിടുത്തെ കൈകാലുകളത്രേ ഈ വിശ്വം നിറഞ്ഞിരിക്കുന്നത്. എപ്പോഴെല്ലാം ഞങ്ങൾ ജീവികൾക്ക് ആപത്തുണ്ടാവുന്നുവോ അപ്പോഴെല്ലാം അങ്ങ് കൃപാപുരസ്സരം ശത്രുക്കളെ സംഹരിച്ച് ഞങ്ങളെ സംരക്ഷിച്ചിട്ടുണ്ട്. അതുകൊണ്ട് അവിടുത്തെ താമരപ്പാദങ്ങളെ ഞങ്ങൾ അഭയം പ്രാപിക്കുന്നു.

*പ്രാർത്ഥന കേട്ട് ഹൃദയമലിഞ്ഞ ഭഗവാൻ പരമശിവൻ തൻെറ പ്രിയതമയായ പാർവ്വതിയോട് പറഞ്ഞു:*
എത്ര വലിയ ദുരിതമാണ് നമ്മുടെ സൃഷ്ടികൾക്കുണ്ടാവാൻ പോവുന്നത്. ഈ വിഷത്തിൽനിന്നവരെ സംരക്ഷിക്കാൻ ഞാൻ എന്തെങ്കിലും ചെയ്തേ മതിയാവൂ. എപ്പോഴാണോ ഒരുവൻ മറ്റു ജീവികളുടെ ക്ഷേമത്തിനായി ത്യാഗം ചെയ്യാൻ തയ്യാറാവുന്നത്, അത് മഹത്വലക്ഷണമത്രേ. അങ്ങിനെയുള്ള ഭക്തൻ ഭഗവൽപ്രിയനുമാണ്. ഞാൻ ഉടനേതന്നെ ആ വിഷം വിഴുങ്ങാൻ പോവുന്നു. ഭഗവാൻെറ ഇച്ഛക്കനുകൂലമായി പാർവ്വതീദേവി സമ്മതം നൽകി. ശിവൻ തൻെറ കൈകുമ്പിളിൽ വിഷമെടുത്ത് ഒറ്റയടിക്കതു വിഴുങ്ങിക്കളഞ്ഞു. അതിൻെറ രൂക്ഷതയിൽ ഭഗവാൻെറ കഴുത്ത് കറുത്ത് നീലിച്ചുപോയി (നീലകണ്ഠൻ). വിഷത്തിൽ ചിലതുള്ളികൾ പരമശിൻെറ കൈവിരലുകൾക്കിടയിൽ നിന്ന് വീണുപോയവ- ഇപ്പോഴും പാമ്പ്, തേള്, മറ്റു വിഷജന്തുക്കൾ, ചിലയിനം പച്ചമരുന്നുകൾ ഇവകളിൽ കാണാവുന്നതാണ്. അങ്ങിനെ ശിവൻ സൃഷ്ടികളെ രക്ഷിച്ചു. ദുരിതമനുഭവിക്കുന്നവരുടെ വേദനയിൽ പങ്കുകൊള്ളുന്നവർ നന്മ നിറഞ്ഞവരത്രെ. അതാണ് സർവ്വാന്തര്യാമിയായ ഭഗവാനോടുള്ള ഏറ്റവും നല്ല ആരാധനയും.

*(പരമശിവനോടുള്ള പ്രാർത്ഥനാ വാക്കുകൾ ഭഗവാൻ വിഷ്ണുവിനോടുള്ള പ്രാർത്ഥനയ്ക്ക് സമമാണ്. ശിവ-വിഷ്ണു അദ്വൈത വ്യക്തിത്വത്തെ വെളിപ്പെടുത്തുന്നതാണിത്).*